സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ഫോൺ നം: 0471 2317983 ഫാക്സ് : 0471 2316992 ഇ-മെയിൽ : secretarytdbtvm@gmail.com

ദേവസ്വം ബോർഡ് ആഫീസ്
തിരുവനന്തപുരം

**ROC No. 7276/14/Est-I** **02/6/2017**

## <u>സർക്കുലർ</u>

വിഷയം :- തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഉദ്യോഗസ്ഥർ ചുമതല കൈമാറുന്ന അവസരത്തിൽ ഫയലുകളും റിക്കാർഡുകളും എല്ലാം പിൻഗാമിയ്ക്ക് കൈമാറേണ്ടത് സംബന്ധിച്ച്.

സൂചന:- 24.1.1997 ലെ ROC.5490/96/Est A നമ്പർ സർക്കുലർ

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിവിധ ആഫീസുകളിലെ സെക്ഷൻ ക്ലാർക്കുമാർ ചുമതല കൈമാറുന്ന അവസരത്തിൽ ഫയലുകളും റിക്കാർഡുകളും എല്ലാം രേഖാമൂലം പിൻഗാമിയ്ക്ക് കൈമാറണമെന്നും അപ്രകാരം കൈമാറിയ ലിസ്റ്റിന്റെ പകർപ്പ് സെക്ഷൻ ഹെഡ് സൂക്ഷിക്കണമെന്നും ബോർഡുത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

എന്നാൽ പ്രസ്തുത ഉത്തരവ് നടപ്പിൽ വരുത്തുന്നതിന് പല ഉദ്യോഗസ്ഥരും അലംഭാവം കാട്ടുന്നതായി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാകുന്നു. ഇതു നിമിത്തം ഫയലുകളും റിക്കാർഡുകളും നഷ്ടപ്പെട്ടതായി കാണപ്പെടുന്ന സന്ദർഭങ്ങളിൽ അതിനുത്തരവാദിയായവരെ കണ്ടെത്തുന്നതിന് സാധിക്കാതെ വരുന്നു. മാത്രവുമല്ല വിവരാവകാശ നിയമം 2005 പ്രകാരം ഫയലുകളുടേയും റിക്കാർഡുകളുടേയും പകർപ്പ് ആവശ്യപ്പെട്ട് അപേക്ഷകൾ ലഭിക്കുന്ന സന്ദർഭത്തിൽ അവ നൽകുവാൻ കഴിയാതെ വരികയും അപേക്ഷകർ അപ്പീലുമായി സംസ്ഥാന വിവരാവകാശ കമ്മിഷനെ സമീപിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാക്കുകയും ചെയ്യുന്നു.

ആകയാൽ പ്രസ്തുത സർക്കുലറിലെ നിർദ്ദേശം എല്ലാ ഉദ്യോഗസ്ഥരും കർശനമായി പാലിക്കേണ്ടതും ആഫീസ് മേധാവികൾ ഇക്കാര്യം ഉറപ്പ് വരുത്തിയ ശേഷമേ ഉദ്യോഗസ്ഥരുടെ LPC/ NLC നൽകുവാൻ പാടുള്ളൂ എന്നും ബോർഡുത്തരവായിട്ടുള്ളതാകുന്നു.

ഈ സർക്കുലറിന്റെ കൈപ്പറ്റുവിവരം അറിയിക്കേണ്ടതാണ്.

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ഓഫീസ് മേധാവികൾക്കും
2. EDP സെക്ഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ഓഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി,
'സി' സെക്ഷൻ

SK